(സി) ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയ്ക്കായി ആകെ 104 കെട്ടിടങ്ങളുടെ പണിപൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പതിനഞ്ച് കെട്ടിടങ്ങളുടെ പണി പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ)&(എഫ്) ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വഴി നാലും, ഗ്രാമപഞ്ചായത്ത് ഫണ്ട് വഴി ഇരുപത്തിയൊന്നും, എം.പി. ഫണ്ട് മുഖേന അറുപത്തി നാല് ആശുപത്രികളോടനുബന്ധിച്ചും കെട്ടിടംപണി നടത്തിയിട്ടുണ്ട്.

ഹരിപ്പാട് ആശുപത്രിയിൽ ട്രോമാകെയർ സെന്ററും കാർഡിയോളജി യൂണിറ്റും ആരംഭിക്കാൻ നടപടി

140(882)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകടംമൂലം ക്ഷതമേൽക്കുന്നവർക്ക് അടിയന്തിരമായി ചികിത്സ ലഭിക്കുന്നതിന് സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് ട്രോമാകെയർ യൂണിറ്റുകൾ ഉള്ളത്;

(ബി) ഹരിപ്പാട് ആശുപത്രിയിൽ ഒരു ട്രോമാകെയർ സെന്ററും കാർഡിയോളജി യൂണിറ്റും ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) മേൽ പറഞ്ഞവ അടിയന്തിരമായി ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിലും വൈക്കത്തും ആണ് ട്രോമാകെയർ യൂണിറ്റുകൾ ഉള്ളത്. അതുപോലെതന്നെ ദേശീയപാതയുടേയും സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതകളുടേയും സമീപത്തു സ്ഥിതിചെയ്യുന്ന പി.എച്ച്.ഡി./സി.എച്ച്.സി./ടി.എച്ച്. കൃു ആശുപത്രികൾ/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഘട്ടംഘട്ടമായി ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു.

(ബി)-(ഡി) ഇത് ദേശീയപാതയ്ക്ക് അരികിലുള്ള ആശുപത്രി ആകയാൽ ഇവിടെ ട്രോമാകെയർ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. സി.ജി. മെഷീൻ, അനസ്തേഷ്യാ മെഷീൻ, സിഫെബ്രലേറ്റർ, വെന്റിലേറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ബ്ലഡ്ബാങ്ക് കെട്ടിടം പണിപൂർത്തിയായിട്ടുണ്ട്. ഇവിടെ ട്രോമാകെയർ യൂണിറ്റിനുവേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുവാൻ എച്ച്.ഡി.സി. യുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം ആവശ്യപ്പെടുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല. വാഹനാപകടം മൂലം ക്ഷതമേൽക്കുന്നവർക്ക് നൽകേണ്ട അടിയന്തിര ചികിത്സയെക്കുറിച്ച് ഡോക്ടർമാർക്ക് ആലപ്പുഴ മെഡിക്കൽ കോളേജിൽ വച്ച് പരിശീലനം നല്കിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രികളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടംഘട്ടമായി കാർഡിയോളജി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹരിപ്പാട് ആശുപത്രി ഇതിൽപ്പെടുന്നില്ല.

സർക്കാർ സർവ്വീസിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി

141(883)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകി;

(സി) നിയമനം ലഭിച്ചവരിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്;

(ഡി) നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സർക്കാർ സൗകര്യങ്ങളുപയോഗിച്ച് മെഡിക്കൽ ബിരുദം നേടിയവർ സർക്കാർ സർവീസിൽ സേവനം നടത്തുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 330 അസിസ്റ്റന്റ് സർജന്മാരുടെയും 56 സിവിൽ സർജൻമാരുടെയും ഒഴിവുണ്ട്.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 555 ഡോക്ടർമാർക്ക് നിയമനം നൽകി.

(സി) 269 പേർ ജോലിയിൽ പ്രവേശിച്ചു. 188 പേർ ജോലിയിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 188 ഡോക്ടർമാർ ഉന്നതപഠനം പൂർത്തിയാക്കുന്നതിനുവേണ്ടി ജോലിയിൽ പ്രവേശിക്കാനുള്ള സമയപരിധി ദീർഘിപ്പിച്ചുകിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. 98 ഡോക്ടർമാരിൽ നിന്ന് വിവരമൊന്നും ലഭിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly